<u>പതിനാലാം കേരള നിയമസഭ</u>
<u>പത്തൊൻപതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 472

03.03.2020 ൽ മറുപടിക്ക്

## നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പുരുഷൻ കടലുണ്ടി : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായും വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനും വേണ്ടി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് പതിനഞ്ച് (15) വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി 'കെ-സിഫ്റ്റ് ' എന്ന ഏകജാലക സംവിധാനം 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് "1999-ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് " ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതുമായ എല്ലാ പദ്ധതികളും/വ്യവസായ സ്ഥാപനങ്ങളും |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന "2019 -ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം" പ്രാബല്യത്തിൽ വന്നിട്ടുണ്ട്.<br><br>വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയ-ബന്ധിതമായി, അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും, സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്.<br><br>കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഒരുക്കിയ വ്യവസാ അനുകൂല പാരിസ്ഥിതികാവസ്ഥ ബോധ്യപ്പെടുത്തുന്നതിനും, നിക്ഷേപകരെ ആകർഷിക്കുന്നതിനുമായി 2020 ജനുവരി 9,10 തീയതികളിൽ കൊച്ചിയിൽ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിച്ച "അസെൻഡ് 2020" നവവത്സരത്തിൽ വ്യവസായ നവകേരളത്തെ ഉയർത്തികാട്ടുകയും, വ്യവസായ കുതിപ്പിന് തുടക്കമിടുകയും ചെയ്തു. |
| (ബി) | പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിച്ചതുമൂലം എത്ര പുതിയ സംരംഭകരാണ് ഓൺ ലൈൻ മുഖേന രജിസ്ട്രേഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണം തീർപ്പ് കല്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (ബി) | പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ അനുമതികൾ സമയബന്ധിതമായി ലഭിക്കുന്നതിനും ആയി 11.02.2019 ൽ ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 2186 സംരംഭകർ രജിസ്റ്റർ ചെയ്യുകയും 570 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 295 അനുമതികൾ / ലൈസൻസുകൾ കെ-സ്വിഫ്റ്റ് മുഖേന നൽകിയിട്ടുണ്ട്. കൂടാതെ 2019 ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം 10 കോടി രൂപയിൽ താഴെ മുതൽമുടക്കുള്ള, മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പ്രകാരം ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അനുമതിക്കായി കെ-സ്വിഫ്റ്റിൽ 20.01.2020 ൽ ഏർപ്പെടുത്തിയ സംവിധാനം വഴി സ്വയം സാക്ഷ്യപത്രം സമർപ്പിച്ച 652 സംരംഭകർക്ക് കൈപ്പറ്റ് രസീതുകളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ